## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:738 — 20.03.2013-ൽ മറുപടിയ്ക്ക്

### ആലപ്പുഴ നഴ്സിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ ഗവൺമെന്റ് നഴ്സിംഗ് കോളേജിന്റെ ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്; ഇതിന്റെ അടങ്കൽ തുക എത്രയാണ്; ആരാണ് കരാറുകാരൻ; കരാർ പ്രകാരം എന്നാണ് നിർമ്മാണം പൂർത്തിയാക്കേണ്ടത്, എന്നിവ വിശദമാക്കാമോ; | (എ) | ആലപ്പുഴ ഗവൺമെന്റ് നഴ്സിംഗ് കോളേജ് ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 31.05.2010-ൽ ആരംഭിച്ചു. 2,65,95,877/-രൂപയാണ് അടങ്കൽ തുക. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് കരാർ എടുത്തിട്ടുള്ളത്. 28.02.2013-ൽ ആണ് നിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്നത്. |
| (ബി) | ആദ്യഘട്ട നിർമ്മാണപുരോഗതി വ്യക്തമാക്കാമോ; ഒന്നാംഘട്ടം എന്നു പൂർത്തിയാകുമെന്ന് അറിയിക്കാമോ; | (ബി) | 90% പണികൾ പൂർത്തീകരിച്ചു. 2013 മാർച്ച് 31 ന് പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ആലപ്പുഴ ഗവൺമെന്റ് നഴ്സിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (സി) | 2,30,50,000/- രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. |
| (ഡി) | കേന്ദ്രഫണ്ട് ഉപയോഗിക്കുന്നതിന് കാലാവധിയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | കാലാവധി നിശ്ചയിച്ചിട്ടില്ല. |
| (ഇ) | ഇരുന്നൂറ്റിഅൻപതോളം വിദ്യാർത്ഥിനികൾ താമസസൗകര്യമില്ലാതെ ഭാരിച്ച വാടക നൽകി കോളേജിന് പുറത്ത് താമസിക്കേണ്ടിവരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ എന്തു അടിയന്തിര നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്? | (ഇ) | ലേഡീസ് ഹോസ്റ്റലിന്റെ ഒന്നാം ഘട്ടം മാർച്ച് 31 നകം പൂർത്തിയാക്കി വിദ്യാർത്ഥിനികളെ താമസിപ്പിക്കുന്നതിനും രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ